# MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

*(Under the Holy Apostolic See of Antioch and All the East)* **Reg. No. ER/308/07**

**Circular to All Sunday Schools and Co-workers**
**Website : www.mjssa.in**
**Email : mjssahq@gmail.com**

**M.J.S.S.A. HEAD QUARTERS,**
Puthencruz P.O., Ernakulam District,
Kerala state, Pin - 682 308,
Phone : 0484 - 2730150, 80781 57150 (Whatsapp)
General Secretary : 97450 46911 (Personal)


**Circular No.: M/C/005/ 2020** **Date : 01-07-2020**

ത്രിയേക ദൈവത്തിനു സ്തുതി

**കർത്താവിൽ പ്രിയ സഹപ്രവർത്തകരെ,**

കോവിഡ് 19-ന്റെ വ്യാപനം മൂലം ലോകം മുഴുവൻ നിശ്ചലമായിരിക്കുകയാണല്ലോ? രോഗ വ്യാപനം തടയുന്നതിനായി ബഹു. സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചും ദൈവതിരുമുമ്പാകെ മുട്ടിപ്പായി പ്രാർത്ഥിച്ചു കൊണ്ടും നമുക്ക് കഴിയാം. ദൈവം നമ്മുടെ പ്രാർത്ഥനകൾ കേട്ട് നമ്മെ സഹായിക്കുമാറാകട്ടെ.

**1. ഓൺ ലൈൻ ക്ലാസ്സ് : –** എം.ജെ.എസ്.എസ്.എ. യുടെ പ്രവർത്തനങ്ങൾ ഈ മഹാമാരി മൂലം മുൻപെന്ന പോലെ പോകുവാൻ സാധിക്കുന്നില്ല. എന്നിരുന്നാലും കുട്ടികൾക്കായി ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കുവാനും നിങ്ങൾക്കറിവുള്ളതുപോലെ ഏറെ വിജയകരമായി നടത്തുവാനും കഴിയുന്നതിൽ ഏവരേയും പ്രത്യേകം അഭിനന്ദിക്കുന്നു. ചുരുക്കം ചില സൺഡേസ്കൂളുകൾ ഒഴികെ മറ്റെല്ലാ സൺഡേസ്കൂളുകളിലും കുട്ടികളും അദ്ധ്യാപകരും മാതാപിതാക്കളും ഇതിൽ ഏറെ സജീവമായി പങ്കെടുത്തു വരുന്നതായി റിപ്പോർട്ടുകൾ ലഭിക്കുന്നു. പ്രത്യേക സാഹചര്യങ്ങളിൽ ഏതെങ്കിലും സ്ഥലങ്ങളിൽ ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കുവാൻ പ്രയാസങ്ങൾ ഉണ്ടെങ്കിൽ ആയത് എം.ജെ.എസ്.എസ്.എ ഭാരവാഹികൾ കേന്ദ്ര ആഫീസിൽ അറിയിക്കേണ്ടതാണ്. മാത്രവുമല്ല എല്ലാ സൺഡേസ്കൂളുകളും ഡി.ഇൻസ്പെക്ടർമാർ 31.7.20 നകം സന്ദർശിക്കുകയും കഴിയുമെങ്കിൽ അദ്ധ്യാപകയോഗം ക്രമീകരിച്ച് ക്ലാസ്സുകൾ വിലയിരുത്തുകയും ചെയ്യണം. ക്ലാസ്സ് തലത്തിൽ വാട്ട്സാപ്പ് ഗ്രൂപ്പുകൾ ക്രമീകരിച്ചും ഫോൺ വഴിയും കുട്ടികളുമായി അദ്ധ്യാപകർ ബന്ധപ്പെടേണ്ടതാണ്. ആയത് സംബന്ധിച്ച റിപ്പോർട്ട് ഹെഡ്മാസ്റ്റർമാർ ഡി.ഇൻസ്പെക്ടർക്കും, ഇൻസ്പെക്ടർമാർ ഭദ്രാസന ഡയറക്ടർക്കും, എം.ജെ.എസ്.എസ്.എ. ജനറൽ സെക്രട്ടറിക്കും അയച്ചു തരേണ്ടതാണ്. ആയതിനുള്ള പ്രൊഫോർമ ഇതോടൊപ്പം അയക്കുന്നു.

**2. വർഷാരംഭ സ്റ്റേറ്റ്മെന്റ് : –** എല്ലാ വർഷവും ഫെബ്രുവരി 28 നകം ലഭിക്കേണ്ട വർഷാരംഭ സ്റ്റേറ്റ്മെന്റ് പല സൺഡേസ്കൂളുകളിൽ നിന്നും നാളിതുവരെ ലഭിച്ചിട്ടില്ല. ആയത് 31.7.20 നകം ലഭിച്ചിരിക്കേണ്ടതാണ്. ഡി. ഭാരവാഹികളും ഡയറക്ടർമാരും ഇതിൽ പ്രത്യേകം ശ്രദ്ധിക്കണമെന്നും അറിയിക്കുന്നു. അതോടൊപ്പം എല്ലാ സൺഡേസ്കൂളുകളും വാർഷിക പിരിവ് , അസ്സോസിയേഷൻ ഫണ്ട് 200 /ക, പെൻഷൻ ഫണ്ട് - 200 /ക, എന്നിവയും യഥാസമയം തന്നെ എം.ജെ.എസ്.എസ്.എ. ഓഫീസിൽ അടയ്ക്കുന്നതിനുള്ള ക്രമീകരണങ്ങളും ചെയ്യണമെന്നറിയിക്കുന്നു.

**3. വാർഷിക പരീക്ഷ, ഓൺലൈൻ രജിസ്ട്രേഷൻ : –** മുൻപതിവുപോലെ വാർഷിക പരീക്ഷ നടത്തുന്നതിനുള്ള ക്രമീകരണങ്ങളാണ് എം.ജെ.എസ്.എസ്.എ. ചെയ്തു വരുന്നത്. അതിന്റെ ഭാഗമായി 10,11,12 ക്ലാസ്സുകളിലെ ഓൺലൈൻ രജിസ്ട്രേഷൻ 6.7.2020 മുതൽ ആരംഭിക്കാവുന്നതും 15.8.2020 നകം പൂർത്തിയാക്കേണ്ടതുമാണ്. വൈകിയാൽ ഫൈൻ അടക്കേണ്ടി വരുമെന്നു അറിയാമല്ലോ. ഫൈൻ ഒഴിവാക്കി സമയത്ത് തന്നെ രജിസ്ട്രേഷൻ പൂർത്തിയാക്കുവാൻ ഹെഡ്മാസ്റ്റർമാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

തുടർച്ച പേജ് -2

**4. ക്യാമ്പ് സൈറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ : –** എം.ജെ.എസ്.എസ്.എ. ക്യാമ്പ് സൈറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏകദേശം പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇനി ഫ്ളോറിംഗ് തുടങ്ങിയ പണികളാണ് പൂർത്തിയാക്കുവാനുള്ളത്. ആയതിലേയ്ക്ക് സംഭാവനകളായോ ഒരു വർഷ കാലാവധിക്കുള്ള പലിശരഹിത വായ്പകളായോ തുകകൾ നൽകി സഹായിക്കണമെന്നറിയിക്കുന്നു.

**5. ആത്മദീപം : –** കോവിഡ് –19 ന്റെ പശ്ചാത്തലത്തിൽ ആത്മദീപം മാസിക എം.ജെ.എസ്. എസ്.എ. വെബ്സൈറ്റിലും വാട്ട്സാപ്പ് ഗ്രൂപ്പിലും പ്രസിദ്ധീകരിച്ചു വരുന്ന വിവരം അറിയാമല്ലോ. ആയത് എല്ലാ വരിക്കാരും പ്രയോജനപ്പെടുത്തണമെന്ന് അറിയിക്കുന്നു. ആത്മദീപത്തിലേയ്ക്കുള്ള ഈടുറ്റ ലേഖനങ്ങൾ, കവിതകൾ, ചെറുകഥകൾ എന്നിവ അയച്ചു തരാവുന്നതാണ്.

**6. നിലവിലുള്ള എം.ജെ.എസ്.എസ്.എ. സബ്കമ്മറ്റികൾ : –** കോവിഡ് –19 ന്റെ പരിതസ്ഥിതിയിൽ നിലവിലുള്ള എല്ലാ സബ്കമ്മറ്റികളും തുടർന്നു പ്രവർത്തിക്കുന്നതാണ്.

ഈ കോവിഡ് –19 കാലയളവിൽ നമ്മുടെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾക്കും, കുട്ടികളുടെ പഠനത്തിനും യാതൊരുവിധ കോട്ടവും വരാതെ നാം കാത്തു സൂക്ഷിക്കേണ്ടതാണ്. എം.ജെ. എസ്.എസ്.എ. ഭാരവാഹികൾ, ഹെഡ്മാസ്റ്റർമാർ, അദ്ധ്യാപകർ എന്നിവർ ഇതിൽ ഏറെ കരുതലുള്ളവരായിരിക്കണം. കുട്ടികൾക്കാവശ്യമായ നിർദ്ദേശങ്ങൾ; അതത് സൺഡേസ്കൂൾ തലങ്ങളിലും ഡിസ്ട്രിക്റ്റ് ഭദ്രാസന തലങ്ങളിലും പ്രത്യേകം പ്രത്യേകം വാട്ട്സാപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചും ഫോൺ മുഖേനയും നല്കുന്നതിലും ശ്രദ്ധിക്കുമല്ലോ, ഈ മഹാമാരിയുടെ വ്യാപനം കുറച്ച് ലോകം സാധാരണ ഗതിയിൽ ആകുവാൻ പ്രത്യേകം പ്രാർത്ഥിക്കുവാനും ആവശ്യമായ നിർദ്ദേശങ്ങൾ കുട്ടികൾക്ക് നൽകുന്നതിലും നമ്മളേവരും കരുതലുള്ളവരായിരിക്കണം. ഈ മഹാമാരിയുടെ ശമനത്തിനായി ഈ അവസരത്തിൽ നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. ദൈവം നമ്മുടെ പ്രാർത്ഥനകൾ കേട്ടു ഉത്തരമരുളുമാറാകട്ടെ. നിങ്ങളേവരുടേയും ക്ഷേമങ്ങൾ അന്വേഷിച്ചുകൊണ്ട് നിർത്തുന്നു.

Malankara Jacobite Syrian Sunday School Association
Central Office
Puthencruz

സ്നേഹാദരങ്ങളോടെ
കർത്താവിൽ എളിയ ശുശ്രൂഷകൻ

**ഷെവ. എം. ജെ. മർക്കോസ്**
**ജനറൽ സെക്രട്ടറി**
97450 46911, 82813 25911